DESPATCHED
Cn. 22/2/2020
1/1/2020



# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം, തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 1002(*2*)/*2019*/*എസ്.ഐ.സി.*

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നം. 8195/*എസ്.ഐ.സി–ജി 6/2019*)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ**

**ശ്രീ. പി.വി.ജോസഫ്**
**'പുത്തനങ്ങാടി',**
**നേതാജി റോഡ്**
**മൂത്തേടത്ത് ലെയിൻ, ആലുവ – 683101.** } **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & ജോയിന്റ് ഡയറക്ടർ (ജനറൽ)**
**സ്റ്റേറ്റ് ഫോറൻസിക് സയൻസ് ലാബോറട്ടറി**
**പോലീസ് ഡിപ്പാർട്ട്മെന്റ്, ഗവൺമെന്റ് ഓഫ് കേരള**
**തിരുവനന്തപുരം–695010**

**അപ്പീൽ അധികാരി & ഡയറക്ടർ(ജനറൽ)**
**സ്റ്റേറ്റ് ഫോറൻസിക് സയൻസ് ലാബോറട്ടറി**
**തിരുവനന്തപുരം–695010** } **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 26.11.2018 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 01.01.2019 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 18.01.2019 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | 19.02.2019 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 15.05.2019 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 15.05.2019 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 31.08.2019 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 23.09.2019 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 24.09.2019 – കമ്മീഷൻ ആസ്ഥാനം തിരുവനന്തപുരം |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല<br>ഹാജരായിരുന്നു |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ തൃപ്തികരമായ മറുപടി ലഭ്യമാക്കിയില്ല എന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും എതിർകക്ഷികൾക്കെതിരെ നടപടി സ്വീകരിക്കണമെന്നും മറ്റുമാണ്.

2. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരൻ 07.07.2015 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത് ഇനം 1-ൽ ടി ഓഫീസിലെ അസി.ഡയറക്ടർ (ഡോക്യുമെന്റ്സ്-സിവിൽ) ഡോ.സുമി മിത്ര.എസ്, അസി.ഡയറക്ടർ ആയി ഏത് വർഷം മുതൽ ടി ഓഫീസിൽ ജോലി ചെയ്തു വരുന്നുവെന്നും, ഇനം 2-ൽ ഡോ.സുമി മിത്ര.എസ് ടി കാലഘട്ടത്തിൽ എത്ര ഡിസ്പ്യൂട്ട് രേഖകൾ പരിശോധിച്ച് ഫലം നൽകിയിട്ടുണ്ടെന്നും തുടങ്ങി 11 ഇനങ്ങളിലായുള്ള വിവര ങ്ങളാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 01.01.2019 തീയതി നൽകിയ മറുപടിയിൽ അറിയിച്ചത്, ഇനം-1 ന് ഡോ.സുമി മിത്ര.എസ് 20.06.2015 മുതൽ ടി ലബോറട്ടറി യിൽ ഡോക്യുമെന്റ്സ് സിവിൽ വിഭാഗം അസിസ്റ്റന്റ് ഡയറക്ടറായി ജോലിചെയ്തുവരു ന്നുവെന്നും, ഇനം 2-ന് 205 കേസുകൾ പരിശോധിച്ചിട്ടുണ്ടെന്നും തുടങ്ങി 11 ഇനങ്ങൾക്കും മറുപടി നൽകിയെന്നാണ്.

4. മേൽപ്പടി മറുപടിയ്ക്കെതിരെ ഹർജിക്കാരൻ 18.01.2019 തീയതി രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചു. ആയതിൽ അറിയിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ നൽകിയ മറുപടി തൃപ്തികരമല്ല എന്നും, കൃത്യമായി ഡേറ്റ് വയ്ക്കാതെയാണെന്നും മറ്റുമാണ്.

5. മേൽപ്പടി അപ്പീൽ അപേക്ഷയിൻമേൽ രണ്ടാം എതിർകക്ഷി 19.02.2019 തീയതി നൽകിയ മറുപടിയിൽ അറിയിച്ചത്, വ്യക്തമായി തിയതി രേഖപ്പെടുത്തിയാണ് മറുപടി അയച്ചതെന്നും, തുടങ്ങി ആവശ്യപ്പെട്ട വിവരങ്ങൾക്കെല്ലാം വിശദീകരിച്ച് മറുപടി നൽകിയെന്നാണ്. 23.09.2019 തീയതി എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ ഹർജിക്കാരന് അയച്ചു കൊടുത്ത മറുപടി ഉൾപ്പെടെ ഇനം തിരിച്ച് വ്യക്ത മായി രേഖപ്പെടുത്തി മറുപടി നൽകുകയുണ്ടായി.

അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിന്റെയും ഹാജരായ എസ്.പി.ഐ.ഒ. യുടെ മൊഴിയുടെ അടിസ്ഥാനത്തിലും, ഈ അപ്പീൽ ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഇന്നേ ദിവസം 2020 ജനുവരി 1–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)**